Academic
Shla

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - ഇംഗ്ലീഷ് പരിജ്ഞാനം മെച്ചപ്പെടുത്താനുള്ള $E^3$(ഇ-ക്യൂബ്) ഇംഗ്ലീഷ് പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.804/2020/പൊ.വി.വ.** തീയതി, തിരുവനന്തപുരം, 17.02.2020

പരാമർശം:-1. സ.ഉ(സാധാ) 1968/2018/പൊ.വി.വ തീയതി 28.05.2018.

2. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 10.02.2020 ലെ കൈറ്റ്/2020/1468(1) നമ്പർ കത്ത്.

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഒന്നു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിലെ സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിരുന്നു. സാങ്കേതിക സൗകര്യങ്ങൾക്കൊപ്പം അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമായ സമഗ്ര ഡിജിറ്റൽ വിഭവപോർട്ടൽ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സജ്ജമാക്കിയിരുന്നു. ഇതിന്റെ തുടർച്ചയായി നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനും പഠനം കൂടുതൽ രസകരമാക്കുന്നതിനുമായി താഴെപ്പറയുന്ന 3 ഘട്ടങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് $E^3$ ഇംഗ്ലീഷ് (Enjoy, Enhance & Enrich English) എന്ന പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകണമെന്നഭ്യർത്ഥിച്ച് സൂചന (2) പ്രകാരം കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കത്ത് സമർപ്പിച്ചിരുന്നു.

1) $E^3$ ഇംഗ്ലീഷ് - സമഗ്ര ഇ-ലൈബ്രറി
സമഗ്ര പോർട്ടൽ വഴി ലോകനിലവാരമുള്ള ഇംഗ്ലീഷ് പുസ്തകങ്ങളുടെ ഡിജിറ്റൽ ലൈബ്രറി. ഇതിൽ കുട്ടികളുടെ വായനാതലം അനുസരിച്ച് ഭാഷാപ്രാവീണ്യം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിൽ ആസ്വാദ്യകരമായ പുസ്തകങ്ങളുടെ ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതാണ്.

2) $E^3$ ഇംഗ്ലീഷ് - ഇ- ലാംഗ്വേജ് ലാബ്
ഓരോ കുട്ടിക്കും തന്റെ പഠനവേഗതക്കനുസരിച്ച് ഇംഗ്ലീഷ് കേൾക്കാനും സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള അവസരങ്ങൾ നൽകുന്ന ലാംഗ്വേജ് ലാബ് സോഫ്റ്റ്‌വെയർ.

3) $E^3$ ഇംഗ്ലീഷ് - ഇ-ബ്രോഡ്കാസ്റ്റ്
ഇംഗ്ലീഷ് ഭാഷ പ്രായോഗിക സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ അവസരം നൽകുന്ന തരത്തിൽ ഇന്ററാക്ടീവ് രീതിയിൽ ഇംഗ്ലീഷ് വിനിമയ നൈപുണികൾ നേടിയെടുക്കാൻ കൈറ്റ് വിക്ടേഴ്സ് ചാനൽ കൂടി പ്രയോജനപ്പെടുത്തുന്ന പ്രോഗ്രാമുകൾ.

സർക്കാർ ഈ വിഷയം പരിശോധിച്ചു. മേൽ പരാമർശിച്ചിട്ടുള്ള ഘട്ടങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രവേശ ബുക്ക്, എം-ഉരു തുടങ്ങിയ സംവിധാനങ്ങൾ കൂടി പ്രയോജനപ്പെടുത്തി $E^3$ (ഇ-ക്യൂബ്) ഇംഗ്ലീഷ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയും നിർവഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും ഉത്തരവാകുന്നു.

1. പദ്ധതിയുടെ പൊതു ക്രോഡീകരണവും സാങ്കേതിക സംവിധാനങ്ങളും കൈറ്റിന്റെ മേൽനോട്ടത്തിലും അക്കാദമികവശം എസ്.സി.ഇ.ആർ.ടിയുടെ പങ്കാളിത്തത്തിലും മോണിറ്ററിംഗിലും ആയിരിക്കണം.
2. പദ്ധതി 2020-21 അക്കാദമിക വർഷാരംഭത്തിൽ തന്നെ തുടങ്ങേണ്ടതാണ്. ഇതിനനുസൃതമായി അധ്യാപകർക്കുള്ള പരിശീലനം 2020 ഏപ്രിൽ-മെയ് അവധിക്കാലത്ത് നടത്തേണ്ടതാണ്. പരിശീലനവും തുടർന്ന് അടുത്ത അധ്യയന വർഷം മുതൽ അധ്യാപകർ ക്ലാസ്മുറികളിൽ ഇത് ഫലപ്രദമായി ഉപയോഗിക്കുന്ന തുൾപ്പെടെയുള്ള പൂർണമായ മോണിറ്ററിംഗ് പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തേണ്ടതാണ്.
3. എസ്.എസ്.കെ, സീമാറ്റ്, എസ്.ഐ.ഇ.ടി തുടങ്ങി പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഏജൻസികളും അവർ നടത്തുന്ന ഇംഗ്ലീഷ് ഭാഷാ പരിശീലനങ്ങളിൽ ഇവ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എ.ഷാജഹാൻ**
**സെക്രട്ടറി**

ചെയർമാൻ, കൈറ്റ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ് കേരള, തിരുവനന്തപുരം
ഡയറക്ടർ, എസ്.ഐ.ഇ.ടി, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ